**ചോദ്യോത്തരം**

**മുജീബ്**

# പാഠപുസ്തക സമരത്തിൽനിന്ന് പിന്മാറി?

■ *പാഠപുസ്തക സമരത്തിൽനിന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ പിന്മാറ്റം എന്തുകൊണ്ടായിരുന്നു? പാഠപുസ്തകവുമായി ബന്ധപ്പെട്ടാണ് കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിൽ വന്നത്, അതിനാൽ സമരത്തിൽ പങ്കെടുക്കാതെ കമ്മിറ്റിയിൽ തുടരുമെന്ന അമീറിന്റെ പത്രപ്രസ്താവന വൈരുധ്യമല്ലേ?*

*എല്ലാ സംഘടനകളും ഒരു മേശക്ക് ചുറ്റുമിരുന്ന് തീരുമാനിച്ചതായിരുന്നുവല്ലോ ജൂലൈ 28-ന് നടന്ന കലക്ടറേറ്റ് ധർണ. പക്ഷേ, ജമാഅത്തെ ഇസ്‌ലാമി ഈ പരിപാടിയിൽ പങ്കെടുക്കാതെ പെട്ടെന്ന് നിലപാട് മാറ്റാൻ കാരണമെന്ത്?*

***ടി. മാജിത അത്തോളി***

**പാഠ**പുസ്തകങ്ങളിലെ മതവിരുദ്ധ, തീവ്രമതനിരാസ ഭാഗങ്ങൾ തിരുത്താനും റദ്ദാക്കാനും ആവശ്യപ്പെട്ടു കൊണ്ടാണ് മുസ്‌ലിം സംഘടനകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപപ്പെട്ടത്. ജമാഅത്തെ ഇസ്‌ലാമി അതിൽ പങ്കെടുത്തു. മുഖ്യമന്ത്രിക്കും വിദ്യാഭ്യാസ മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിക്കുക, ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ നടപടികളോടും സഹകരിച്ചു. സെക്രട്ടറിയേറ്റിലേക്കുള്ള പ്രതിഷേധ മാർച്ചിനും തീരുമാനിച്ചു. അതിനിടയിലാണ് പാഠപുസ്തക പുനഃപരിശോധനാ വിദഗ്ധ സമിതിയെ സംസ്ഥാന സർക്കാർ നിയോഗിച്ചത്. കമ്മിറ്റി സമർപ്പിച്ച ഇടക്കാല ശിപാർശ സർക്കാർ സ്വീകരിക്കുകയും ഏറെ വിവാദമുയർത്തിയ ഏഴാംക്ലാസ് സാമൂഹിക പാഠങ്ങളിലെ 'മതമില്ലാത്ത ജീവൻ' എന്ന പാഠം തിരുത്താൻ തയാറാവുകയും ചെയ്തു. കോ-ഓർഡിനേഷൻ കമ്മിറ്റി സംഘടനകളുമായി ചർച്ചകൾക്ക് തയാറായ വിദ്യാഭ്യാസമന്ത്രി കൂടുതൽ ഭേദഗതി നിർദേശങ്ങൾക്ക് അവസരം നൽകുമെന്നും പ്രസക്തമായവ സ്വീകരിക്കുമെന്നും ഉറപ്പു നൽകി. അതുപ്രകാരം വിദഗ്ധ സമിതിയുടെ സിറ്റിംഗ് കോഴിക്കോട്ടും എറണാകുളത്തും മലപ്പുറത്തും നടക്കുമെന്നും അറിയിപ്പുണ്ടായി. മറുവശത്ത് ക്ലസ്റ്റർ തടസ്സപ്പെടുത്താനുള്ള യു.ഡി.എഫ് പ്രവർത്തകരുടെ ശ്രമം മലപ്പുറം ജില്ലയിലെ കിഴിശ്ശേരിയിൽ ഒരു അധ്യാപകന്റെ മരണത്തിൽ കലാശിച്ചതോടെ സ്ഥിതി വഷളായി. അതിനു മുമ്പുതന്നെ മുസ്‌ലിംലീഗ് വിദ്യാർഥി സംഘടനാ പ്രവർത്തകർ പാഠപുസ്തകങ്ങൾ കത്തിച്ചത് കടുത്ത പ്രതിഷേധം ഉയർത്തിയിരുന്നു. മതസംഘടനകൾക്ക് രാഷ്ട്രീയമില്ല. പ്രശ്നപരിഹാരമാണ് അവ തേടുന്നത്. അക്രമാസക്ത പ്രക്ഷോഭപരിപാടികളോട് അവക്ക് യോജിപ്പില്ല. ഈ പശ്ചാത്തലത്തിലാണ് പ്രത്യക്ഷ സമരപരിപാടികൾ ഉപേക്ഷിക്കണമെന്ന അഭിപ്രായം കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ ഉയർന്നുവന്നത്. ജമാഅത്തെ ഇസ്‌ലാമി മാത്രമല്ല മറ്റു ചില സംഘടനകളും ആ ആവശ്യം ഉയർത്തിയിരുന്നു. എന്നാൽ പാഠപുസ്തകങ്ങൾ തൃപ്തികരമായി തിരുത്തപ്പെടുന്നതു വരെ സമാധാനപരമായ സമരം തുടരാൻ തന്നെയാണ് തീരുമാനം. ജമാഅത്തും അതിനോട് സഹകരിക്കുമെന്ന് ഹൽഖ അമീർ ടി. ആരിഫലി വാർത്താസമ്മേളനത്തിൽ അറിയിച്ചിട്ടുണ്ട്. പ്രത്യക്ഷ സമരപരിപാടികൾ മുസ്‌ലിം സംഘടനകൾ പൊതുവെ മാറ്റിവെച്ചതായാണ് അറിവ്.

## പാഠപുസ്തകവിവാദം കൊണ്ട് എന്തുനേടി?

■ *ഓരോ വിദ്യാഭ്യാസ വർഷവും ഏറെ പ്രതീക്ഷകളോടെയാണ് എല്ലാവരും ഉറ്റുനോക്കുന്നത്. എൽ.ഡി.എഫ് സർക്കാർ ഇക്കൊല്ലം എട്ടാംതരം കൂടിയുള്ള എല്ലാകുട്ടികൾക്കും(പൊതു വിദ്യാഭ്യാസം) സൗജന്യ പാഠപുസ്തകങ്ങൾ നൽകി. പുസ്തകങ്ങളെ ഭാഗം 1, 2 ആയി ക്രമീകരിച്ച് പുസ്തകഭാരം കുറച്ചു. സാധാരണ കുട്ടികളുടെ പ്ലസ് വൺ പ്രവേശനം ഏകജാലകം വഴി സുതാര്യമാക്കി.*

*പൊതുവിദ്യാഭ്യാസം ശക്തമാക്കാനും വിദ്യാഭ്യാസ കച്ചവടക്കാരെ നിയന്ത്രിക്കാനും സർക്കാർ ശ്രമിക്കുമ്പോഴെല്ലാം അതിനെ വികൃതമാക്കാനും വിദ്യാഭ്യാസ രംഗം കലുഷിതമാക്കാനും രാഷ്ട്രീയലക്ഷ്യം മാത്രം മുന്നിൽകണ്ട് പല നിക്ഷിപ്ത താൽപര്യക്കാരും എടുത്തുചാടി ജനജീവിതം ദുഃസ്സഹമാക്കാറുണ്ട്. ഇതിനിടക്ക് വീണു കിട്ടിയ ഒരു കോളായിരുന്നു ഏഴാം ക്ലാസിലെ 'സാമൂഹ്യശാസ്ത്രം' പാഠപുസ്തകം.*

*മുസ്‌ലിംലീഗ്, കോൺഗ്രസ് പോലുള്ള നിക്ഷിപ്ത താൽപര്യക്കാരായ രാഷ്ട്രീയക്കാരോടൊപ്പംകൂടി ഉള്ള നല്ലപേരും കളഞ്ഞു. മതാന്ധത ബാധിച്ച മതസംഘടനകളോടൊപ്പംനിന്ന് പരിഹാസ്യരായി. എന്നിട്ടവസാനം പ്രസ്ഥാനവും പോഷകസംഘടനകളും എന്തുനേടി?*

*വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ കടുത്ത മതവിരോധവും മതനിഷേധവും തെറ്റിദ്ധാരണ പരത്തലും വസ്തുതകളെ വളച്ചൊടിക്കലും വർഷങ്ങൾക്കു മുമ്പേ പാഠപുസ്തകങ്ങളിൽ ഉള്ളതായി കാണാം. ഏതുകാലത്തും പഠിപ്പിക്കുന്ന അധ്യാപകരുടെ മനോഭാവമനുസരിച്ചേ പാഠഭാഗങ്ങൾ വിശദീകരിക്കപ്പെടൂ. കാലക്രമേണ സ്വയം ചിന്തിക്കുന്ന കാലത്ത് മാത്രമാണ് എല്ലാവരും അധ്യാപകരെ വിലയിരുത്തുക. മതനിഷേധികളും മതവിരോധികളും പഠിപ്പിച്ചിട്ട് അതേപോലെ ആയ ഒരു തലമുറ ഉണ്ടാവില്ല. കടുത്ത മതവിശ്വാസികൾ പാഠങ്ങൾ പഠിപ്പിച്ചെന്നു കരുതി എല്ലാ കുട്ടികളും വിശ്വാസികൾ ആവണമെന്നുമില്ല. അങ്ങനെയാണെങ്കിൽ കമ്യൂണിസ്റ്റ് രാജ്യങ്ങളായി സ്ഥാപിതമായവ ഒന്നും തകരാതെ കാലാകാലം നിലനിൽക്കേണ്ടതല്ലേ?*

*പാഠപുസ്തകം, കൈപുസ്തകം ഇവ ഒന്നിച്ചുവെച്ച് പഠിച്ച് വിലയിരുത്തി ഇതിനകത്തെ ജനകീയ മൂല്യങ്ങളെ പുറത്തുകൊണ്ടുവരാൻ പ്രസ്ഥാന സുഹൃത്തുക്കളായ അധ്യാപകർ പോലും മെനക്കെടുന്നില്ല. അങ്ങനെ ഒരു മൂല്യാധിഷ്ഠിത സമൂഹത്തെ വാർത്തെടുക്കാനുള്ള പരിശ്രമത്തിൽനിന്നും പിന്മാറുന്നു. ഒടുക്കം എന്തായി? തുടക്കം ആവേശത്തോടെ. 'പാഠപുസ്ത*

*കച്ചിത' മലപ്പുറത്ത് അരങ്ങേറിയപ്പോള്‍ നേരിയ കുറ്റബോധം. ഭാഗികമായി പിന്മാറി. ഒരു പാവം അധ്യാപകന്റെ ദാരുണ മരണത്തോടെ പിന്മാറ്റം പൂര്‍ണമായി.*

*പ്രസ്ഥാനവും പോഷകസംഘടനകളും ഇത്തരം കളികള്‍ കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? 'മൂല്യാധിഷ്ഠിത സമൂഹ' സൃഷ്ടിയോ? കേവല രാഷ്ട്രീയക്കാരെപ്പോലെ പൊതുരംഗത്തേക്കുള്ള 'വിപ്ലവാത്മകമായ' കാല്‍വെപ്പോ?*

***മുബാറക്ക് ഇസ്മാഈല്‍, വണ്ടൂര്‍***

**ഇ**ടതുമുന്നണി സര്‍ക്കാര്‍ വിദ്യാഭ്യാസ മേഖലയില്‍ ചില നല്ല കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്. സൗജന്യ പാഠപുസ്തക വിതരണവും ഏകജാലകവും ഉദാഹരണങ്ങളാണ്. നല്ല കാര്യങ്ങളെ പ്രസ്ഥാനവും പോഷക സംഘടനകളും കലവറയില്ലാതെ പിന്താങ്ങി. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കടിഞ്ഞാണിടാനുള്ള നീക്കത്തെയും പിന്തുണച്ചു. എന്നാല്‍ വിവേകരഹിതമായ ഒരു സ്വാശ്രയ വിദ്യാഭ്യാസ നിയന്ത്രണ നിയമം പെട്ടെന്ന് ചുട്ടെടുത്ത സര്‍ക്കാര്‍ എല്ലാം കുളമാക്കുന്ന കാഴ്ചയാണ് പിന്നെ കണ്ടത്. ഇപ്പോഴും ആ മേഖല തികഞ്ഞ അനിശ്ചിതത്വത്തിലാണ്. ഇത്തരം പിടിപ്പുകേടുകളെ വെള്ളപൂശാന്‍ വയ്യ.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും മാര്‍ക്സിസ്റ്റ് സംഘടനകളിലെ യുക്തിവാദ മനസ്കരുടെയും ഉപജാപങ്ങള്‍ക്ക് പാഠ്യപദ്ധതി പരിഷ്കാരം വിട്ടുകൊടുത്തതാണ് മറ്റൊരു ഭീമാബദ്ധം. മതനിഷേധവും മതനിരാസവുമൊക്കെ ജനാധിപത്യത്തില്‍ മൗലികാവകാശങ്ങളാവാം. എന്നാല്‍ ബഹുഭൂരിപക്ഷം മതവിശ്വാസികളുടെ ചെലവില്‍ സര്‍ക്കാര്‍ വിദ്യാലയങ്ങളിലൂടെ അതായിക്കൂടാ. മതവിശ്വാസം സെക്യുലര്‍ വിദ്യാഭ്യാസ പദ്ധതിയില്‍ നിഷിദ്ധമാണെങ്കില്‍ തുല്യമായി തടയപ്പെടേണ്ടതാണ് മതനിരാസാധ്യാപനവും. ഇന്ത്യന്‍ ഭരണഘടന വിഭാവന ചെയ്യുന്ന സെക്യുലറിസം മതനിരാസമല്ല, മതനിരപേക്ഷതയാണ്. പന്ത്രണ്ടുകാരായ ഏഴാംക്ലാസ് വിദ്യാര്‍ഥികളുടെ മസ്തിഷ്കങ്ങളിലേക്ക് കടത്തിവിടേണ്ടതല്ല മിശ്രവിവാഹത്തിന്റെ മേന്മകളും മതേതര ജീവിതത്തിന്റെ മഹത്വങ്ങളും. അതൊക്കെ വേണമെന്നുള്ളവര്‍ മറ്റുവഴികള്‍ തേടട്ടെ. അധ്യാപകര്‍ക്ക് തോന്നിയ പോലെ പഠിപ്പിക്കാനുള്ളതല്ല വിദ്യാലയങ്ങള്‍. പിന്നെയെന്തിനാണ് ഒരു പാഠ്യപദ്ധതിയും വിദ്യാഭ്യാസ മന്ത്രാലയവുമൊക്കെ? പി.ടി.എ സംവിധാനത്തിന്റെ പ്രസക്തി എന്ത്? മുമ്പു സംഭവിച്ച തെറ്റുകള്‍ പുതിയ തെറ്റുകള്‍ക്ക് ന്യായമായിക്കൂടാ. ഇത് ചൂണ്ടിക്കാട്ടുന്നത് മതാന്ധതയല്ല; മൗലികാവകാശമായ മതസ്വാതന്ത്ര്യം മാത്രമാണ്. അതുകൊണ്ടാണ് ജമാഅത്തെ ഇസ്‌ലാമി പാഠപുസ്തക വിരുദ്ധ സമരത്തോട് സഹകരിച്ചത്. തെറ്റു തിരുത്തുന്നത് വരെ സമരത്തോടുള്ള സഹകരണം തുടരും. എന്നാല്‍ സമരം വഴിതെറ്റുമ്പോള്‍ കാര്യം തുറന്നു പറഞ്ഞ് മാറി നില്‍ക്കും. തിരുത്താന്‍ സര്‍ക്കാര്‍ നടത്തുന്ന നീക്കങ്ങളോടും സഹകരിക്കും. തത്ത്വാധിഷ്ഠിതമായ ഈ നിലപാടിലൂടെ പ്രസ്ഥാനത്തിന്റെ അന്തസ്സ് ഉയര്‍ന്നിട്ടേയുള്ളൂ. പാഠപുസ്തക മാറ്റത്തിലൂടെ നടപ്പാക്കിത്തുടങ്ങിയ ഹിഡന്‍ അജണ്ടയോട് ഈ ഘട്ടത്തില്‍ പ്രതികരിച്ചില്ലെങ്കില്‍ കൂടുതല്‍ അപകടകരമാവും ഇനി നടപ്പാക്കാന്‍ പോവുന്നത്. ഇപ്പോള്‍ സര്‍ക്കാറിന് വീണ്ടുവിചാരം തുടങ്ങിയ ലക്ഷണമുണ്ട്. അതേ അളവില്‍ യുക്തിവാദി-ശാസ്ത്ര സാഹിത്യ മനസ്സുകള്‍ നിരാശരുമാണ്. അതുതന്നെയാണ് ഒരു നേട്ടവും.

## മക്കളുണ്ടാവുന്നത് കുറ്റകൃത്യം?

■ *രണ്ടിലധികം കുട്ടികളുണ്ടാവുന്നതിന് 10,000 രൂപ സര്‍ക്കാറിലേക്ക് പിഴ അടക്കണമെന്ന ജസ്റ്റിസ് വി.ആര്‍ കൃഷ്ണയ്യര്‍ അധ്യക്ഷനായ നിയമപരിഷ്കരണ സമിതിയുടെ ശിപാര്‍ശയെപ്പറ്റി മുജീബിന്റെ പ്രതികരണം?*

***യു.കെ ഷഫീഖ്, പൊന്നാനി***

**സ**ന്താനോല്‍പാദനം മനുഷ്യന്റെ മൗലികാവകാശമാണ്. അതില്ലാതാക്കാന്‍ ഒരു ഭരണകൂടത്തിനും അവകാശമില്ല. ഞങ്ങള്‍ നിങ്ങളെ ഭരിച്ചുകൊള്ളാമെന്നേറ്റ് അധികാരത്തിലേറുന്നവരാണ് ജനാധിപത്യത്തിലെ ഭരണാധികാരികള്‍. ആളുകളുടെ എണ്ണം കുറച്ചു ഭരിക്കാന്‍ ആരുടെയും സേവനം ആവശ്യമില്ല. ബോംബിട്ട് എല്ലാവരെയും ഒരുമിച്ച് ഉന്മൂലനം ചെയ്താല്‍ ഭരണം തന്നെ വേണ്ടല്ലോ. വിഭവശേഷി പരമാവധി വികസിപ്പിച്ചും സമാഹരിച്ചും വിശ്വാസ്യതയോടെ ജനക്ഷേമത്തിനായി വിനിയോഗിച്ചും ധൂര്‍ത്തും ദുര്‍വ്യയവും അഴിമതിയും തുടച്ചുനീക്കിയും ഭരിക്കാനൊരുങ്ങിയാല്‍ ജനസംഖ്യ കൃത്രിമമായി കുറക്കേണ്ടിവരില്ല. സ്വാഭാവിക ജനന നിയന്ത്രണം പ്രകൃതി നടത്തുന്നുമുണ്ട്. ജീവിച്ചിരിക്കുന്നവരെ പരമാവധി സുഖിപ്പിക്കാന്‍ തലമുറകളുടെ ന്യൂനീകരണം എന്ന ആശയം മുതലാളിത്തത്തിന്റേതാണ്, സോഷ്യലിസമല്ല. മാനവവിഭവശേഷി ഒരിക്കലും ശാപമല്ല, അനുഗ്രഹമാണ്. കുട്ടികളുടെ എണ്ണം ഒന്നിലും രണ്ടിലും പരിമിതപ്പെടുത്താന്‍ പാടുപെട്ട ഒട്ടേറെ രാജ്യങ്ങള്‍ ഇന്ന് പണിയെടുക്കാന്‍ ആളില്ലാതെ വിരല്‍ കടിക്കുന്നു. ജനങ്ങള്‍ ശീലം മാറ്റാന്‍ തയാറില്ലാത്തതിനാല്‍ ഒട്ടേറെ ആനുകൂല്യങ്ങള്‍ പ്രഖ്യാപിച്ചിട്ടും സിങ്കപ്പൂരിലും മറ്റും കുടുംബങ്ങള്‍ എണ്ണം കൂട്ടാന്‍ തയാറില്ല. ഇന്ത്യയില്‍ സര്‍ക്കാറുകള്‍ക്ക് ജനന നിയന്ത്രണം അനുപേക്ഷ്യമാണെന്ന് അഭിപ്രായമുണ്ടെങ്കില്‍ ബോധവല്‍ക്കരണം ആവാം. അതിപ്പോള്‍ തന്നെ നടക്കുന്നുമുണ്ട്. ബലപ്രയോഗവും ശിക്ഷാവിധികളുമൊന്നും മാനവികതയല്ല. ജസ്റ്റിസ് കൃഷ്ണയ്യരെപ്പോലുള്ള മനുഷ്യാവകാശ പ്രവര്‍ത്തകര്‍ ചെരിപ്പിനൊത്ത് കാല്‍മുറിക്കാന്‍ ശിപാര്‍ശ ചെയ്തു എന്ന് വിശ്വസിക്കാന്‍ പ്രയാസം. ആരുടേതായാലും പണ്ടോരയുടെ പെട്ടി തുറക്കുന്ന ശിപാര്‍ശകള്‍ സര്‍ക്കാര്‍ സ്വീകരിക്കരുത്. സഞ്ജയ് ഗാന്ധി അടിയന്തരാവസ്ഥ കാലത്ത് നിര്‍ബന്ധ വന്ധ്യംകരണം നടപ്പാക്കാന്‍ തുനിഞ്ഞതിന്റെ പ്രത്യാഘാതം രാജ്യത്തിന്റെ മുമ്പിലുണ്ടല്ലോ.

## വൈകിവന്ന ബോധോദയം

■ *"പ്രവാചകന്മാര്‍ മനുഷ്യരാണ്; മനുഷ്യരില്‍നിന്നു ദൈവം തെരഞ്ഞെടുത്ത പ്രത്യേകക്കാര്‍. മനുഷ്യന്‍ അനുഭവിക്കുന്ന എല്ലാത്തരം പ്രശ്നങ്ങളും പ്രയാസങ്ങളും അവരും അനുഭവിച്ചിട്ടുണ്ട്. ഈ പ്രയാസങ്ങളില്‍ നിന്നു മാറ്റി നിര്‍ത്തിയാല്‍ അവര്‍ മനുഷ്യരല്ലാതാകും. പ്രവാചകന്മാര്‍ ഇതാഗ്രഹിച്ചിട്ടില്ല. മനുഷ്യനെ പ്രബോധനം ചെയ്യാന്‍ മാനുഷികതയുള്ളവര്‍ തന്നെ അവര്‍ക്കിടയില്‍ വരണമെന്നതാണ് യുക്തി. ഇതാണ് ഖുര്‍ആനികാശയം."*

*'തങ്ങന്മാരെക്കുറിച്ച് ഇയാള്‍ക്കൊന്നുമറിയില്ല' എന്ന തലക്കെട്ടില്‍ ഒ.എം തരുവണ സിറാജി(ജൂലൈ 28)ല്‍ എഴുതിയ ലേഖനത്തില്‍ നിന്നുള്ള വരികളാണിത്.*

*'ഞാന്‍ നിങ്ങളെപോലെ ഒരു സാധാരണ മനുഷ്യനാണ്' എന്ന ഖുര്‍ആന്‍ വചനം ഉദ്ധരിച്ച് സംസ്കരണ പ്രവര്‍ത്തകര്‍ പ്രസംഗിച്ചപ്പോഴും എഴുതിയപ്പോഴും അതിനെതിരെ ജിഹാദ് നയിച്ചവര്‍ ഇപ്പോഴിതാ പ്രവാചകന്‍ മനുഷ്യനാണെന്ന് എഴുതിയിരിക്കുന്നു. മുജീബിന്റെ പ്രതികരണമെന്ത്?*

***റശീദ് വെളിയങ്കോട് അബൂദബി***

**ബോ**ധോദയം എത്ര വൈകിയാലും സ്വാഗതാര്‍ഹം തന്നെ. പ്രവാചകന്മാരുടെ മാനവികതാ നിഷേധം ഖുര്‍ആനികാധ്യാപനങ്ങള്‍ക്ക് വിരുദ്ധമാണ്. ഇനി 'ഒളിവാല്‍ പടച്ചു' പോലുള്ള വ്യാജോക്തികള്‍ കൂടി തിരുത്തിയാല്‍ മതി. മാനവികത പ്രവാചകന്മാര്‍ക്ക് ഭൂഷണമേ ആവൂ, നിന്ദ്യതയല്ല. മലക്കുകള്‍ നിലവിലിരിക്കെയാണല്ലോ അല്ലാഹു മനുഷ്യനായി ആദമിനെ പടച്ചത്. അവരെക്കാള്‍ അദ്ദേഹത്തിന്റെ ശ്രേഷ്ഠത തെളിയിച്ചുകൊടുക്കുകയും ചെയ്തു. ■